MR. CHERIYAN J. KAPPAN : അപ്പോൾ അനുവദം ക്രോതെ ഷോ ണ്ഡിച്ചു എന്ന പറഞ്ഞതു് ശരിയാണോ ?

HON'BLE MR. C. KESAVAN : സർവേ ചെയ്തു എന്ന വച്ചു വസ്തുവിൽ പ്രവേശിച്ചു ഷോണ്ഡിക്കുവാനുള്ള അവകാശം കിട്ടിയിട്ടില്ല.

പുതുപ്പള്ളി സെൻറ് ജോർജ്ജ് ഇംഗ്ലീഷ് ഹൈസ്കൂൾ.

441. MR. K. A. MATHEW (*Thiruvalla IV—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(ക) കഴിഞ്ഞ നാല വർഷക്കാലമായി നടന്നുവരുന്ന പുതുപ്പള്ളി St. George's English High School-ന്റെ സമീപത്തു് രണ്ടു് Departmental Middle Schools സ്ഥാപിച്ചിട്ടുണ്ടോ ?

(ഖ) ഉണ്ടെങ്കിൽ അവ എപ്പോഴാണു് അവിടെ സ്ഥാപിച്ചതു്?

(ഗ) St. George School-ം പ്രസ്തുത Departmental School-ം തമ്മിൽ എന്തു് അകലമുണ്ടു് ?

(ഘ) Departmental School-ൽ നിന്നു പ്രസ്തുത സ്കൂളിലേയ്ക്കു് transfer certificate കൊടുക്കരുതെന്നു് കഴിഞ്ഞ ആണ്ടിൽ നിരോധിച്ചിരുന്നുവോ ?

HON'BLE MR. T. M. VARGHESE : (1) Yes. There are two Departmental Middle Schools, one for Boys and the other for Girls situated near the St. George's English High School, Puthuppally.

(2) The Departmental Middle School for Boys was in existence from 1070 M. E. and the Departmental Middle School for Girls from 1086M. E.

(3) The distance from the Departmental Middle School for Boys, Puthuppally, to the St. George's English High School, Puthuppally, is only about 5 yards, the two buildings being situated in one and the same compound, while the distance between Departmental Middle School for Girls and the St. George's English High School, is about 2 furlongs.

(4) No. Only a restriction was imposed that as far as possible pupils promoted from class V should continne their stndies in form I of the same school and the same was done last year with a view to prevent overcrowding in English High Schools.

MR. K. A. MATHEW : പ്രൈവറ്റ് സ്കൂളിന്റെ ഇതു അടുത്തു് ഡിപ്പാർട്ടുമെൻറൽ സ്കൂൾ കൂടി സ്ഥാപിക്കുന്നതിനുള്ള കാരണമെന്താണു്?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE Mr. T. M. VARGHESE : ഡിപ്പാർട്ടുമെൻറൽ സ്കൂളുകൾ സ്ഥാപിച്ചതു് ൧൦൬൭-ലും ൧൦൬൮-ലും ആണു്. ഇപ്പോൾ അതിന്റെ കാരണമെന്താണെന്നു പറയാൻ നിവൃത്തിയില്ല.

MR. K. A. MATHEW : അങ്ങനെ സ്ഥാപിച്ചതു് മുൻപുണ്ടായിരുന്ന സ്കൂളുകൾക്കു് നഷ്ടവും അസൗകര്യവും ആണെന്നുള്ളതുകൊണ്ടു് ഡിപ്പാർട്ടുമെൻറൽ സ്കൂളുകൾ അവിടെനിന്നും മാറേണ്ടതാവശ്യമാണെന്നു ഗവണ്മെൻറിനു തോന്നുന്നുണ്ടോ ?

HON'BLE Mr. T. M. VARGHESE : പൊതുവെ അവിടെയുള്ള സ്കൂളുകൾക്കും ഡിപ്പാർട്ടുമെൻറിനും ആ അഭിപ്രായമാണുള്ളതെങ്കിൽ ഗവണ്മെൻറു് അക്കാര്യത്തെപ്പറ്റി ആലോചിക്കുന്നതാണു്.

MR. K. A. MATHEW : സെൻസുജാഫ്സു് സ്കൂൾ ഉടമസ്ഥന്മാരിൽനിന്നും ഇതു സംബന്ധിച്ചു പരാതികൾ കിട്ടിയിട്ടുണ്ടോ ?

HON'BLE Mr. T. M. VERGHESE : ഉണ്ടു്.

MR. K. A. MATHEW : അതു സംബന്ധിച്ചു എന്തെങ്കിലും അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ ?

HON'BLE Mr. T. M. VARGHESE : വിദ്യാഭ്യാസ ഡയറക്ടറും ഡിവിഷൻ ഇൻസ്പെക്ടരും ഇൻസ്പെക്ടസ്സും ഇതു സംബന്ധിച്ചു അന്വേഷണങ്ങൾ നടത്തി സർട്ടിഫിക്കറുകൾ കൊടുക്കുന്നതിനു് ചില വിഷമങ്ങൾ ഉള്ളതായി കണ്ടു. എന്നാൽ ഇതു സംബന്ധിച്ചു് പരാതിപ്പെട്ടന്ന മാതാപിതാക്കന്മാരുടെ അഭിഷ്ടാനുസരണം സർട്ടിഫിക്കറുകൾ കൊടുക്കേണ്ടതാണെന്നു ഗവണ്മെൻറു് ഉത്തരവു് ചെയ്തിട്ടുണ്ടു്. കൂടുതലായി എന്തെങ്കിലും ചെയ്യണമെന്നു് ഗവണ്മെൻറു് വിചാരിക്കുന്നില്ല.

അദ്ധ്യാപകനിയമനം.

442. MR. K. A. MATHEW : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ടമന്ത്രി സദയം മറുപടി പറയുമോ ?

൧൦൬൮-ാമാണ്ടു് Education Department-ൽ നിന്നും ഉണ്ടാക്കിയ acting primary school tecahers-ന്റെ waiting list-ൽ പെട്ട ആരെങ്കിലും ഇനിയും ജോലികൊടുക്കപ്പെടാതെവർ ഉണ്ടോ എന്നും അങ്ങനെയുള്ളവരിൽ നിന്നും memorial കിട്ടിയിട്ടുണ്ടോ എന്നും ഗവണ്മെൻറിൽ നിന്നും ഉടയവായി അന്വേഷിച്ചു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly